(സി) ഈ ആക്രമണങ്ങളിൽ മരിച്ചവരുടെ കുടുംബത്തിനും പരിക്കു പറ്റിയവർക്കും ഗവൺമെന്റ് സഹായം നൽകുമോ ;

(ഡി) റിപ്പർ സംഘത്തെ പിടികൂടിയിട്ടുണ്ടോ ;

(ഇ) എത്ര പ്രതികളെ പിടികൂട്ടിയിട്ടുണ്ട് ;

(എഫ്) ഇതിനു പ്രത്യേക സെൽ രൂപീകരിച്ചിരുന്നുവോ ;

(ജി) എങ്കിൽ അതിനുവേണ്ടി ഇന്നുവരെ ചെലവായ തുക എത്ര എന്നു വെളിപ്പെടുത്തുമോ ;

(എച്ച്) ഈ ആക്രമികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) പതിനൊന്ന്.

(ബി) 5 പേർ മരിച്ചു. 26 പേർക്ക് പരിക്കു പറ്റി. 177 ഗ്രാം തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ, 2 വെള്ളി വള, 2 വെള്ളി ചരട്, ഒരു വെള്ളി ബെൽറ്റ്, 5 വാച്ചുകൾ, 1,000 രൂപ വിലയുള്ള 5 സാരികൾ എന്നിവയും 4469 രൂപയും മോഷണം പോയിട്ടുണ്ട്.

(സി) ഇങ്ങനെയുള്ള കേസുകളിൽ പ്രത്യേക സഹായമൊന്നും നൽകുന്ന പതിവില്ല.

(ഡി) ഉണ്ട്.

(ഇ) അഞ്ച്.

(എഫ്) രൂപീകരിച്ചിരുന്നു.

(ജി) ഓരോ കേസന്വേഷണത്തിനും ചെലവായ തുക പ്രത്യേകമായി കണക്കാക്കാറില്ല.

(എച്ച്) ആക്രമികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പുഞ്ചക്കൃഷി നാശം

* 59. [63] ശ്രീ. ടി. എസ്. ജോൺ :

ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പുഞ്ച കൃഷിക്ക് വ്യാപകമായി നെൽക്കൃഷി നശിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) കഴിഞ്ഞ വെള്ളപ്പൊക്കത്തെ തുടർന്ന് നെൽവിത്ത് വിതരണം ചെയ്യുവാൻ കഴിയാതിരുന്നതുമൂലം സ്വകാര്യ ഏജൻസികളിൽനിന്നു വിത്ത് വാങ്ങി കൃഷി ചെയ്തവർക്കും സീഡ് കോർപ്പറേഷനിൽ നിന്നു വിത്തു വാങ്ങി കൃഷി ചെയ്തവർക്കും ഉണ്ടായ നാശനഷ്ടത്തിന് എന്തെല്ലാം ആശ്വാസ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കൃഷിനാശം ഉണ്ടായവർക്ക് നഷ്ടപരിഹാരം നല്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ വിള ഇൻഷ്വറൻസ് പദ്ധതി ഇവിടത്തെ പരിതസ്ഥിതിയിൽ പ്രായോഗികമല്ലാത്തതുമൂലം പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) കുട്ടനാടൻ പ്രദേശത്തു കുലവാട്ടം എന്ന രോഗം മൂലം പലയിടങ്ങളിലായി 200 ഹെക്ടർ പാടത്ത് വിളനാശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) കുട്ടനാട്ടിന് അനുയോജ്യമല്ലാത്തതും പ്രതിരോധശക്തി ഒട്ടും ഇല്ലാത്തതുമായ "ടി. കെ. എം. 9" എന്ന ഇനം നെൽവിത്ത് അനധികൃതമായി വാങ്ങി ഉപയോഗിച്ചതുമൂലമാണ് കുലവാട്ടം എന്ന രോഗം ബാധിച്ച് കൃഷി നശിക്കാൻ ഇടയായത്. കൃഷി നാശത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) താലൂക്കടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ വെച്ചുകൊണ്ടാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വില്ലേജടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാകുമ്പോൾ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

അരി വിഹിതം

* 60. [64] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം സംസ്ഥാനത്തിന് ഇപ്പോൾ നൽകിവരുന്ന അരി വിഹിതം എത്രയാണ് ;

(ബി) ഈ വിഹിതം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവോ ;

(സി) എങ്കിൽ എത്ര വർദ്ധനവാണ് സംസ്ഥാനം ആവശ്യപ്പെട്ടത് ;

(ഡി) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണമെന്തായിരുന്നു ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് പ്രതിമാസം 125,000 ടൺ അരി കേന്ദ്രം നൽകുന്നുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) പ്രതിമാസം 150,000 ടൺ അരി വീതമെങ്കിലും നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) റേഷൻ വിഹിതം തൽക്കാലം വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നും അരിയുടെ ലഭ്യത അനുസരിച്ച് സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

റേഷൻഷോപ്പ്, മാവേലി സ്റ്റോർ എന്നിവ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധനവ്

* 61. [65] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻഷോപ്പ് മുഖേനയും മാവേലി സ്റ്റോർ വഴിയും വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഈയിടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതിന്റെ കാരണമെന്ത് ;

(സി) എത്രയാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly